MR. P. M. VERGHESE (*Thodupuzha I—General*) : ചേരമർ ക്രിസ്ത്യാനികൾക്ക് മുൻപു ലഭിച്ചുകൊണ്ടിരുന്ന സൗജന്യങ്ങൾ, ഫസ്റ്റ് ഫ-ലെ സെൻസസ്സിൽ അവരെ ചേരമർ ക്രിസ്ത്യാനികളായി ഉൾപ്പെടുത്താത്തതു നിമിത്തം, ഇപ്പോൾ ലഭിക്കുന്നില്ല എന്നറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : ഓരോ ആളിന്റെ അഭിപ്രായത്തിനും ഗവണ്മെൻറിന് മറുപടി പറയുവാൻ സാധിക്കുകയില്ല. അതൊരഭിപ്രായം ആയിരിക്കാം. ഗവണ്മെൻറിന് അതിൽ കാര്യമില്ല.

MR. K. A. MATHEW : മതത്തെ അടിസ്ഥാനമാക്കിയാണോ സൗജന്യങ്ങൾ പിൻവലിക്കുന്നതു്?

HON'BLE MR. T. K. NARAYANA PILLAI : അല്ല, മറ്റു കാരണങ്ങളും ഉണ്ടായിരിക്കാം.

പ്ലേഗുനിരോധനകേന്ദ്രങ്ങൾ.

*229. MR. RAPHAEL J. RODRIGUEZ : *(Quilon IV—Latin Christian Reserved)* : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂറിൽ ഇപ്പോൾ എത്ര പ്ലേഗുനിരോധനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടു്?

(ബി) ഓരോ കേന്ദ്രത്തിലും ശരാശരി എത്രപേർ ജോലിചെയ്യുന്നുണ്ടു്? പ്രതിമാസം ശരാശരി ചെലവെത്ര?

(സി) ഓരോ കേന്ദ്രവും ദിവസംതോറും ശരാശരി എത്ര എലിയെ നശിപ്പിക്കുന്നുണ്ടു്?

HON'BLE MR. E. K. MADHAVAN :

(എ) തിരുവിതാംകൂറിൽ കൊല്ലം-ആലപ്പുഴ എന്നീ മുനിസിപ്പൽ കേന്ദ്രങ്ങളിലും ദേവികുളത്തും ഓരോ പ്ലേഗു നിവാരണകേന്ദ്രങ്ങൾ ഉണ്ടു.

(ബി) കൊല്ലത്തു് ൬൯ ആളുകളും ആലപ്പുഴെ ൬൫ ആളുകളും, ദേവികുളത്തു ൬൭ ആളുകളും ഈ ജോലി നോക്കുന്നുണ്ടു്. കൊല്ലത്തു് ഇതിനുവേണ്ടി ചെലവായതു് ൧,൯൬൦ രൂപയും, ആലപ്പുഴെ ൧൦൦൦ രൂപയും ദേവികുളത്തു ൧,൯൦൦ രൂപയും ആണു്.

(സി) ഓരോ കേന്ദ്രങ്ങളിലും യഥാക്രമം ൩-൦ ൯൬-൦ ൬൯-൦ എലികളെ സംഹരിച്ചു കഴിഞ്ഞിട്ടുണ്ടു്.

MR. V. GANGADHARAN NAIR : ഈ കണക്കുകളെല്ലാം ശരിയാണോ എന്നു നോക്കുന്നതിനു വല്ല മാർഗ്ഗവും ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. E. K. MADHAVAN : ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർ തരുന്ന കണക്കുകളാണ്. അതു് ശരിയായിരിക്കുമെന്നാണ് വിശ്വാസം.

MR. P. T. CHACKO : ഈ ആറെലികളെ പിടിച്ചുകൊന്ന വീരൻ ആരാണെന്നു പറയാമോ?

HON'BLE MR. E. K. MADHAVAN : ഈ ജോലി ചെയ്യുന്നതിലൊരാൾ.

MR. K. RAMAKRISHNA PILLAI (*Ambalapuzha I—General*) : ൩ എലികളെ കൊല്ലുന്നതിനാണോ ആയിരം രൂപാ ചെലവായതു്?

HON'BLE MR. E. K. MADHAVAN : അല്ല. മറ്റു പല പ്ലേഗുനിവാരണജോലികളുടെ കൂടെ, ഇതും കൂടെ നടത്തി. എന്നല്ലാതെ എലികളെ കൊല്ലുന്നതിനു മാത്രമല്ല ഇത്ര രൂപാ ചെലവുവന്നതു്. അതുകൊണ്ടു പ്ലേഗുനിവാരണജോലിക്കു ആയിരം രൂപാ ചെലവായി എന്നേ അതിനർത്ഥമുള്ളൂ.

MR. MANNAR GOPALAN NAIR : ഒരെലിയെ കൊല്ലുന്നതിനു ശരാശരി എന്തു ചെലവായി എന്നു പറയാമോ?

HON'BLE MR. E. K. MADHAVAN : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

Textile Inspectors.

* 230. MR. P. S. MOHAMMED (*Muvattupuzha I—Muslim*): Will the Hon'ble Minister for Textiles be pleased.

(*a*) to lay on the table a caste-war statement of Textile Inspectors at present;

(*b*) to lay on the table a caste-war statement of Textile Inspectors during the period of the previous textile control; and

(*c*) to state the number of applicants among the Muslims for the recent appointments of Textile Inspectors?

HON'BLE MR. E. K. MADHAVAN :

(എ) ൩ നായർ
൩ ഈഴവർ
൧ ക്രിസ്ത്യാനികൾ
൩ അതർ കാസ്റ്റ് ഹിന്ദുക്കൾ
൨ മറ്റു ഹിന്ദുക്കൾ

(ബി) ൪ നായർ
൩ അതർ കാസ്റ്റ് ഹിന്ദുക്കൾ
൩ ഈഴവർ
൨ മുസ്ലിംസ്
൩ ക്രിസ്ത്യാനികൾ

LIBRARY ARCHIVES Kerala Legislative Assembly